LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ് വുഡ് പ്ലാന്റേഷൻ

98 [593] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ സോഫ്റ്റ് വുഡ് പ്ലാന്റേഷനിൽ നിന്നും പേപ്പർ പൾപ്പ്, പ്ലൈവുഡ് മുതലായവ നിർമ്മിക്കുന്ന കമ്പനികൾക്ക് ആവശ്യമായ സോഫ്റ്റ് വുഡ് കൊടുക്കാറുണ്ടോ;

(ബി) എന്തുവിലയ്ക്കാണ് ഓരോ കമ്പനിക്കും ഇത് വിറ്റതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഹെക്ടർ സ്ഥലത്ത് വിൽക്കാത്ത മരങ്ങൾ ഉണ്ടെന്നും കട്ട് ചെയ്ത് സ്റ്റോക്കുചെയ്ത മരം എത്രയുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പ്ലാന്റേഷൻ ലാഭകരമാണോ എന്നും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) ഇൻഡ്യാ ഗവൺമെന്റിന്റെ ഏതെങ്കിലും ന്യൂസ് പേപ്പർ ഫാക്ടറിക്ക് ഇവിടെ നിന്നും സോഫ്റ്റ് വുഡ് കൊടുക്കാറുണ്ടോ; എങ്കിൽ അതിന്റെ വിലനിലവാരം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെസ്സേഴ്സ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് 2004-05 സാമ്പത്തിക വർഷത്തിൽ കൊടുത്ത അസംസ്ക്കൃത വസ്തുക്കളുടെ വില താഴെ ചേർക്കുന്നു:

മുള	. .	രൂപ 1066 മെട്രിക്ക് ടൺ
ഈറ്റ	. .	രൂപ 1170 മെട്രിക്ക് ടൺ
യൂക്കാലിപ്റ്റസ്	. .	രൂപ 1170 മെട്രിക്ക് ടൺ
അക്കേഷ്യ	. .	രൂപ 1103 മെട്രിക്ക് ടൺ

(സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിക്ക് എല്ലാ വർഷവും ലഭ്യതയനുസരിച്ച് അസംസ്ക്കൃത വസ്തുക്കൾ സപ്ലൈ ചെയ്യുന്നുണ്ട്. 2004-05-ലെ വില സംബന്ധിച്ച വിവരങ്ങൾ (ബി) പിരിവിന്റെ മറുപടിയിൽ ഉണ്ട്.